# കേരള നിയമസഭ
# 30.06.2014–ലെ മറുപടിക്ക്

## പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം
2014 ജൂൺ 30, തിങ്കൾ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ – 30)

മറുപടി നൽകുന്ന മന്ത്രിമാർ

മുഖ്യമന്ത്രി

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി

### സർക്കാർ ഉദ്യോഗസ്ഥർക്ക് പെരുമാറ്റച്ചട്ടം

*451 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
'' കെ. എൻ. എ. ഖാദർ
'' എം. ഉമ്മർ
'' കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ സർക്കാർ ഉദ്യോഗസ്ഥർക്കും ബാധകമായ സമഗ്രമായ പെരുമാറ്റച്ചട്ടം നിലവിലുണ്ടോ;

(ബി) എങ്കിൽ സർവ്വീസിൽ പ്രൊബേഷൻ പൂർത്തിയാക്കി സ്ഥിരപ്പെടുത്തുന്നതിനുമുമ്പ് പ്രസ്തുത പെരുമാറ്റച്ചട്ടം സംബന്ധിച്ച ഒരു പരീക്ഷകൂടി പാസ്സായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ സമഗ്ര പരിഷ്കരണം നടത്താൻ തയാറാവുമോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

<u>മദ്യത്തിന് സെസ്</u>

*452 ശ്രീ. ആർ. സെൽവരാജ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, ബെന്നി ബെഹനാൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർദ്ധനരായ രോഗികൾക്ക് സൗജന്യ മരുന്ന് വിതരണത്തിനായി മദ്യത്തിന് സെസ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രതിവർഷം പ്രസ്തുത ഇനത്തിൽ എന്ത് തുക പിരിച്ചെടുക്കാനാകുമെന്ന് കരുതുന്നു;

(സി) കെ.എസ്.ബി.സി എത്ര ശതമാനം സെസാണ് ഇതിനായി ചുമത്തിയിരിക്കുന്നത്;

(ഡി) സെസ് നിരക്ക് ഉയർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

<u>അനധികൃത സാമ്പത്തിക സ്ഥാപനങ്ങൾക്കെതിരെ നടപടി</u>

*453 ശ്രീ. എം.എ. ബേബി
,, എളമരം കരീം
,, കെ. സുരേഷ് കുറുപ്പ്
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അനധികൃത സാമ്പത്തിക സ്ഥാപനങ്ങൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതിന് നിലവിലുള്ള നിയമങ്ങളും സംവിധാനങ്ങളും പര്യാപ്തമാണോ; ഇത്തരം സ്ഥാപനങ്ങൾ തഴച്ചുവളരുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങളിൽ സ്ഥിരമായി ഏർപ്പെട്ട ഏതെങ്കിലും സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമെതിരെ ഈ സർക്കാർ 'കാപ്പ' ആക്ട് പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി 2009-ൽ ഡി.ജി.പി. നൽകിയ നിർദ്ദേശങ്ങൾ എന്തായിരുന്നു;

(സി) ഇന്ത്യൻ ശിക്ഷാ നിയമത്തിലെയും 1958-ലെ കേരള മണി ലെൻഡേഴ്സ് ആക്ടിലെയും പ്രൈസ് ചീറ്റ്സ് ആന്റ് മണി സർക്കുലേഷൻ (ബാനിംഗ്) ആക്ടിലെയും ഡ്രഗ്സ് & മാജിക് റെമഡീസ് (ഒബ്ജക്ഷണബിൾ അഡ്വർടൈസ്മെന്റ്) ആക്ട് 1954-ലെയും ബന്ധപ്പെട്ട വ്യവസ്ഥകൾ പ്രകാരം ഈ സർക്കാർ കേസ്സെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) രഹസ്യനിരീക്ഷണങ്ങളിലൂടെയും റെയ്ഡുകളിലൂടെയും മറ്റ് പരിശോധനകളിലൂടെയും അനധികൃത സ്ഥാപനങ്ങളെ കണ്ടെത്തുകയുണ്ടായോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>ദീര്‍ഘദൂര സര്‍വ്വീസുകളിലെ ഡ്രൈവര്‍മാര്‍ക്ക് വിശ്രമം</u>

*454 ശ്രീ. റോഷി അഗസ്റ്റിന്‍
ഡോ. എന്‍. ജയരാജ്
ശ്രീ. പി. സി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അന്യസംസ്ഥാനത്തേക്ക് ദീര്‍ഘദൂര സര്‍വ്വീസ് നടത്തുന്ന കെ.എസ്.ആര്‍.ടി.സി. ബസുകളില്‍ ഒരു സര്‍വ്വീസിന് അനുവദിച്ചിട്ടുള്ള ഡ്രൈവര്‍മാരുടെ എണ്ണം എത്രയാണ് ; ഡ്രൈവര്‍മാരുടെ എണ്ണം കുറയ്ക്കുന്നതിന് നിര്‍ദ്ദേശം നല്‍കിയിട്ടുണ്ടോ ;

(ബി) ദീര്‍ഘദൂര സര്‍വ്വീസ് നടത്തുന്ന കെ.എസ്.ആര്‍.ടി.സി. ബസുകളിലെ ഡ്രൈവര്‍മാര്‍ക്ക് ആവശ്യമായ വിശ്രമം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

<u>സ്കൂൾ ബസുകളിലെ യാത്രാസുരക്ഷ</u>

*455 ശ്രീ. ജോസഫ് വാഴക്കൻ
,, എ. പി.അബ്ദുള്ളക്കുട്ടി
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ ബസുകളിൽ യാത്ര ചെയ്യുന്ന കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാൻ മോട്ടോർ വാഹന വകുപ്പ് എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി റോഡ് സുരക്ഷാ വിഭാഗം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സുരക്ഷ ഉറപ്പുവരുത്താൻ രക്ഷിതാക്കൾക്കും സ്കൂൾ അധികൃതർക്കും വേണ്ടി എന്തെല്ലാം ബോധവൽക്കരണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) വാഹന സുരക്ഷ സംബന്ധിച്ച് എന്തെല്ലാം പരിശോധനകളാണ് മോട്ടോർ വാഹന വകുപ്പ് നടത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

മത്സ്യഫെഡിന്റെ പ്രവർത്തനങ്ങൾ

*456 ശ്രീ. പി.കെ. ഗുരുദാസൻ
,, സാജു പോൾ
,, ബി. സത്യൻ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഏറ്റവും ഒടുവിൽ അവലോകനം നടത്തിയത് എപ്പോഴാണ്;

(ബി) മത്സ്യഫെഡിന്റെ പ്രവർത്തനത്തിലുണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കാമോ;

(സി) മത്സ്യഫെഡിൽ ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനായി സ്വീകരിച്ച നടപടി വിശദമാക്കാമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

പാചകവാതകം കൊണ്ടുപോകുന്ന വാഹനങ്ങളെ നിരീക്ഷിക്കുവാൻ നടപടി

*457 ശ്രീ. ബെന്നി ബെഹനാൻ
,, കെ. അച്ചുതൻ
,, സി.പി. മുഹമ്മദ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാചകവാതകം കൊണ്ടുപോകുന്ന വാഹനങ്ങളിൽ നിന്നുമുണ്ടാകാവുന്ന അഗ്നിബാധയും വാതക ചോർച്ചയും മൂലമുണ്ടാകുന്ന ദുരന്തങ്ങൾ ഒഴിവാക്കാൻ മോട്ടോർ വാഹന വകുപ്പ് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിനായി പാചകവാതക വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) ഈ സംവിധാനം വഴി വാഹനങ്ങളെ നിയന്ത്രിക്കാനും നിരീക്ഷിക്കാനും കൺട്രോൾ റൂമുകളിൽ എന്തെല്ലാം സജ്ജീകരണങ്ങൾ ഒരുക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

പി. എസ്. സി. പരീക്ഷാ പരിഷ്ക്കരണം

*458 ശ്രീ. റ്റി. എൻ. പ്രതാപൻ
,, കെ. മുരളീധരൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. യുടെ പരീക്ഷാരീതി പരിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം പരിഷ്ക്കരണങ്ങളാണ് വരുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(സി) നിലവിലെ പരീക്ഷാരീതികളിൽ ഉദ്യോഗാർത്ഥികൾക്കുള്ള എന്തെല്ലാം ആശങ്കകളാണ് ഇതുവഴി പരിഹരിക്കപ്പെടുന്നത്; വിശദമാക്കുമോ;

(ഡി) പരിഷ്ക്കാരങ്ങൾ നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വായ്പ എടുത്തവരെ സഹായിക്കാൻ നടപടി</u>

*459 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലായവരെ സഹായിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) പലിശ ഇളവ് ഉൾപ്പെടെ സർക്കാർ പ്രഖ്യാപിച്ചിട്ടും അത് അർഹതപ്പെട്ട വിഭാഗത്തിന് ലഭിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചില ബാങ്കുകൾ എങ്കിലും സർക്കാരിന്റെ ഇത്തരം ജനപക്ഷ നിലപാടുകൾക്കെതിരെ നിലകൊള്ളുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

<u>നീരയിൽനിന്നും ഉല്പാദിപ്പിക്കാൻ കഴിയുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങൾ</u>

*460 ശ്രീമതി ഗീതാ ഗോപി
ശ്രീ. വി.എസ്. സുനിൽ കുമാർ
,, കെ. അജിത്
,, മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നീര ഉല്പാദിപ്പിക്കുന്നതിന് ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ബി) ലൈസൻസ് ലഭിച്ചവർ നീരയുല്പാദനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) നീരയിൽ നിന്നും ഉല്പാദിപ്പിക്കാൻ കഴിയുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഏതെല്ലാം; ഇവ വ്യാവസായികാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

പരമ്പരാഗത മത്സ്യബന്ധന രീതികൾ നിലനിർത്തുന്നതിന് പദ്ധതി

*461 ശ്രീ. കെ. രാജു
,, പി. തിലോത്തമൻ
,, ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യലഭ്യത കുറഞ്ഞതോടെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പ്രതിസന്ധിയിലായിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരെ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പരമ്പരാഗത വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധന രീതികൾ നിലനിർത്തുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

<u>ബഹുജന സാമ്പത്തിക സുരക്ഷാ പരിപാടി</u>

*462 ശ്രീ. എം.എ. വാഹീദ്
,, ഐ.സി. ബാലകൃഷ്ണൻ
,, ബെന്നി ബെഹനാൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ബഹുജന സാമ്പത്തിക സുരക്ഷാ പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പരിപാടി ഏതെല്ലാം ഏജൻസികളുമായി സഹകരിച്ചാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ബ്ലേഡ് മാഫിയക്ക് എതിരെ പൊതുജന അവബോധമുണ്ടാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ;

(ഡി) പരിപാടികൾ നടപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം എന്തെല്ലാം?

**കേരള നിയമസഭ**
**30.06.2014-ലെ മറുപടിക്ക്**

<u>കബനീനദിയിലെ ജലം</u>

*T463 ശ്രീ. വി. ചെന്താമരാക്ഷന്‍
,, എ.കെ. ബാലന്‍
,, കെ. കുഞ്ഞമ്മത് മാസ്റ്റര്‍
,, പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാവേരി ട്രിബ്യൂണല്‍ ഉത്തരവുപ്രകാരം കേരളത്തിന് അവകാശപ്പെട്ട ജലം വിനിയോഗിക്കാന്‍ സാധിക്കുന്നുണ്ടോ; കബനീനദിയിലെ ജലത്തിനായി തമിഴ്നാട് അവകാശവാദമുന്നയിച്ചിട്ടുണ്ടോ; ഇക്കാര്യത്തില്‍ നിലപാട് അറിയിക്കുമോ;

(ബി) മേല്‍ അവസ്ഥ കുറ്റ്യാടി പദ്ധതിയെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം പരിശോധിച്ചിരുന്നോ; വ്യക്തമാക്കുമോ;

(സി) കുടിവെള്ളത്തിന് വലിയ ബുദ്ധിമുട്ട് നേരിടുന്ന വയനാട് ജില്ലയില്‍ കബനീനദിയിലെ ജലം ഫലപ്രദമായി വിനിയോഗിക്കാനുള്ള പദ്ധതി നടപ്പാക്കുന്നതില്‍ വീഴ്ച വന്നിട്ടുണ്ടോ; കാരണം വ്യക്തമാക്കുമോ;

(ഡി) സുപ്രീംകോടതിയില്‍ കബനീനദീജലത്തിനായി തമിഴ്നാട് നല്‍കിയ കേസില്‍ സംസ്ഥാന സര്‍ക്കാരിന്റെ നിലപാട് അറിയിച്ചിരുന്നോ; എങ്കില്‍ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>പ്രൈവറ്റ് ബസുകളിലെ സുരക്ഷാ സംവിധാനങ്ങൾ</u>

*464

ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന പ്രൈവറ്റ് ബസുകൾ സുരക്ഷാ സംവിധാനങ്ങൾ പാലിച്ചാണോ സർവ്വീസ് നടത്തുന്നതെന്ന് പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ബി) ഡ്രൈവർമാരെ സുരക്ഷാകാര്യങ്ങളിൽ ബോധവൽക്കരണം നടത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) മദ്യപിച്ച് വാഹനമോടിക്കുന്നവരെ കണ്ടെത്തുന്നതിന് സർവ്വീസ് ആരംഭിക്കുന്നതോ അവസാനിക്കുന്നതോ ആയ സ്ഥലങ്ങളിൽ വച്ച് പരിശോധന നടത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

<u>സാമൂഹ്യ വനവത്കരണ പദ്ധതിയുടെ ഭാഗമായുള്ള ധനസഹായം</u>

*465 ശ്രീ. സി. കെ. നാണു
,, മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ ഏതൊക്കെ സന്നദ്ധ സംഘടനകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്;

(ബി) ഇത് സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത സംഘടനകൾ മുഖാന്തിരം ഏതൊക്കെ പ്രദേശങ്ങളിൽ വനവൽക്കരണം നടന്നിട്ടുണ്ടെന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്തെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സംഘടനകൾ സ്വീകരിച്ച സാമ്പത്തിക സഹായം എങ്ങനെ ചെലവഴിച്ചു എന്നത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം വനം വകുപ്പോ, സർക്കാരോ നടത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

<u>പരാതി കേൾക്കാനുള്ള അവകാശ നിയമം</u>

*466 ശ്രീ. വി. റ്റി.ബൽറാം
,, പി. എ. മാധവൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരാതി കേൾക്കാനുള്ള അവകാശ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച നിയമത്തിൽ എന്തെല്ലാം തരത്തിലുള്ള പരാതികളാണ് കേൾക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പരാതികൾ കേൾക്കാനും അവയ്ക്ക് നിശ്ചിത സമയത്തിനുള്ളിൽ പരിഹാരം കാണാനും എന്തെല്ലാം കാര്യങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഇത് സംബന്ധിച്ചുള്ള നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

<u>തീയറ്ററുകൾ വിഭജിക്കുവാനും ആധുനികവൽക്കരിക്കുവാനും പദ്ധതി</u>

*467 ശ്രീ. പാലോട് രവി
,, പി. സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിനിമാ സംരംഭകർക്ക്, നിലവിലുള്ള തീയറ്ററുകൾ വിഭജിക്കുവാനും ആധുനികവൽക്കരിക്കുവാനും അനുവദിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണ് ; വിശദീകരിക്കുമോ ;

(സി) സംരംഭകർക്ക് എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 30.06.2014–ലെ മറുപടിക്ക്

<u>പോലീസ് സേനയിലെ ക്രിമിനലുകളെ ഒഴിവാക്കാൻ നടപടി</u>

*468 ശ്രീ. ജെയിംസ് മാത്യു
,, സി. കെ. സദാശിവൻ
,, ബി. ഡി. ദേവസ്സി
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിലെ ക്രിമിനലുകളെ ഒഴിവാക്കാനുള്ള നടപടി ത്വരിതപ്പെടുത്താമോ;

(ബി) സേനയിലെ ക്രിമിനലുകളെ കണ്ടെത്തുന്നതിനു സ്വീകരിച്ച നടപടി എന്തായിരുന്നു; വിശദമാക്കാമോ;

(സി) ഇതിനകം കണ്ടെത്തിയ സേനയിലെ ക്രിമിനലുകളുടെ ലിസ്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധപ്പെടുത്തുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>സാമ്പത്തിക തട്ടിപ്പ് നടത്തി ജനങ്ങളെ കബളിപ്പിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും</u>

*469 ശ്രീ. പി. ഉബൈദുള്ള
,, സി. മോയിൻകുട്ടി
,, എൻ. ഷംസുദ്ദീൻ
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക തട്ടിപ്പുകൾ നടത്തി ജനങ്ങളെ കബളിപ്പിക്കുന്ന വ്യക്തികളെയും സ്ഥാപനങ്ങളെയും ആരംഭത്തിൽ തന്നെ നിരീക്ഷിക്കാനും അവരുടെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയാനും സംസ്ഥാന പോലീസിൽ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം സ്ഥാപനങ്ങൾ ജനവിശ്വാസം നേടിയെടുക്കാൻ പോലീസ് ഉദ്യോഗസ്ഥരെത്തന്നെ ഉദ്ഘാടന ഘട്ടം മുതൽ പങ്കെടുപ്പിച്ച് ജനങ്ങളെ വഞ്ചിക്കുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തട്ടിപ്പു സംഘങ്ങളെ നിയന്ത്രിക്കാൻ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>സാമൂഹ്യ വനവത്കരണ പദ്ധതിയുടെ പുരോഗതി</u>

*470

ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ള സാമൂഹ്യ വനവത്കരണ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) സാമൂഹ്യ വനവത്കരണ പ്രവൃത്തികളുടെ തുടർപ്രവൃത്തികൾ ഏതു രീതിയിലാണ് നടപ്പാക്കിയിട്ടുള്ളത്;

(സി) പ്രസ്തുത പദ്ധതിയിലൂടെ വിതരണം ചെയ്യുന്ന വൃക്ഷങ്ങളുടെ തെരഞ്ഞെടുപ്പ് ഓരോ പ്രദേശത്തിനും അനുയോജ്യമായ രീതിയിൽ ആകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. യാത്രക്കാർക്ക് ഇൻഷ്വറൻസ് കവറേജ്</u>

*471 ശ്രീ. വി.ഡി. സതീശൻ
,, ഹൈബി ഈഡൻ
,, എ.റ്റി. ജോർജ്
,, പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. യാത്രക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം പരിരക്ഷയാണ് ഇൻഷ്വറൻസിന്റെ കവറേജിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭനടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

<u>ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം</u>

*472 ശ്രീ. പി എ. മാധവൻ
,, ലൂഡി ലൂയിസ്
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) നിലവിലുളള ഫയലിംഗ് സംവിധാനത്തിൽ നിന്ന് എന്തെല്ലാം മാറ്റങ്ങളാണ് ഇത് മുഖാന്തിരം ഉണ്ടാകുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത സംവിധാനവുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
# 30.06.2014-ലെ മറുപടിക്ക്

<u>തീരദേശ പരിപാലന നിയമത്തിന്റെ ഭവിഷ്യത്തുകൾ</u>

*473 ശ്രീ. എസ്. ശർമ്മ
,, ജി. സുധാകരൻ
,, പി. ശ്രീരാമകൃഷ്ണൻ
,, കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന നിയമത്തിന്റെ ഭവിഷ്യത്തുകൾ അനുഭവിക്കുന്ന തീരദേശ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിക്കുമോ;

(ബി) തീരദേശ പരിപാലന നിയമത്തിലെ ഏതെല്ലാം വ്യവസ്ഥകളാണ് തീരദേശ നിവാസികൾക്ക് ഭവിഷ്യത്തുകൾ സൃഷ്ടിച്ചിട്ടുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ;വിശദമാക്കാമോ;

(സി) ഇക്കാര്യത്തിൽ സർക്കാരിന്റെ പ്രഖ്യാപനങ്ങൾ നടപ്പിലാക്കാൻ സാദ്ധ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>വ്യാജ കറൻസികൾ പ്രചരിപ്പിയ്ക്കുന്ന അന്യസംസ്ഥാന തൊഴിലാളികൾ</u>

*474 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, കെ. എൻ. എ. ഖാദർ
,, എം. ഉമ്മർ
,, റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജ കറൻസി പ്രചരിപ്പിക്കുന്നതിൽ അന്യസംസ്ഥാനത്തൊഴിലാളികൾക്കുള്ള പങ്കിനെക്കുറിച്ച് പ്രത്യേകമായി അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അന്വേഷണത്തിൽ കണ്ടെത്തിയ വിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) അന്യസംസ്ഥാനത്തൊഴിലാളികൾക്കൊപ്പം, ബംഗ്ലാദേശികളുൾപ്പെടെയുള്ള അന്യദേശക്കാർ കടന്നുകയറുന്നതുമൂലമുള്ള പ്രശ്നങ്ങൾ നേരിടാൻ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

<u>പുത്തൂരിലെ സുവോളജിക്കൽ പാർക്കിന്റെയും വാഗമണ്ണിലെ ഓർക്കിഡ് ഉദ്യാനത്തിന്റെയും പ്രവർത്തനങ്ങൾ</u>

*475 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, കെ.എം. ഷാജി
,, പി.ബി. അബ്ദുൾ റസാക്
,, എൻ.എ നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏറ്റെടുത്ത പദ്ധതികളുടെ പ്രവർത്തന പുരോഗതി നിരീക്ഷിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്തെന്ന് വിശദമാക്കുമോ;

(ബി) തൃശൂർ ജില്ലയിലെ പുത്തൂരിലെ സുവോളജി പാർക്കിന്റെയും വാഗമണ്ണിലെ ഓർക്കിഡ് ഉദ്യാനത്തിന്റെയും പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതികൾക്ക് ഇതേവരെ എന്തു തുക നീക്കിവച്ചിട്ടുണ്ടെന്നും ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

<u>ക്ലോസ്ഡ് സർക്യൂട്ട് നിരീക്ഷണ ക്യാമറകൾ</u>

*476 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, പി. സി. വിഷ്ണുനാഥ്
,, അൻവർ സാദത്ത്
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളിൽ ക്ലോസ്ഡ് സർക്യൂട്ട് നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത് വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകമോ;

(സി) നഗരങ്ങളിൽ എവിടെയൊക്കെയാണ് ഇത്തരം ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) കുറ്റകൃത്യങ്ങൾ തടയുന്നതിനും കണ്ടെത്തുന്നതിനും പ്രസ്തുത സംവിധാനം എത്ര മാത്രം സഹായകമാകുമെന്നാണ് കരുതുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

<u>സമാന്തര സർവ്വീസുകളുടെ നിയന്ത്രണം</u>

*477 ശ്രീ. രാജു എബ്രഹാം
,, കെ. കെ. ജയചന്ദ്രൻ
,, സി. കൃഷ്ണൻ
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി.സി ആവശ്യത്തിന് ബസ്സുകൾ നിരത്തിലിറക്കി, ദീർഘദൂരവും ഹ്രസ്വദൂരവുമായുള്ള സമാന്തര സർവ്വീസുകൾ നിയന്ത്രിക്കാൻ തയ്യാറാകുമോ;

(ബി) സമാന്തര സർവ്വീസുകൾ കെ. എസ്. ആർ. ടി.സി ക്ക് ഭാരിച്ച നഷ്ടമുണ്ടാക്കുന്നുണ്ടെന്നറിയാമോ;

(സി) സമാന്തര സർവ്വീസുകൾ നിയന്ത്രിച്ചാൽ മാത്രമേ കെ. എസ്. ആർ. ടി.സി.യെ സംരക്ഷിക്കാനാവൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

ആനപരിപാലന കേന്ദ്രങ്ങളുടെ വികസനം

*478 ശ്രീ. പി.കെ. ബഷീർ
,, വി.എം. ഉമ്മർമാസ്റ്റർ
,, പി. ഉബൈദുള്ള
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിനുകീഴിലെ ആനപരിപാലന കേന്ദ്രങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷംഎന്തെല്ലാം പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഈ കേന്ദ്രങ്ങളോടനുബന്ധിച്ച് ആന സംരക്ഷണ ഗവേഷണ പദ്ധതികൾ നടക്കുന്നുണ്ടോ; വിശദവിവരം നൽകാമോ;

(സി) കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് പ്രതിവർഷം എന്തു തുക ചെലവു വരുന്നുണ്ടെന്നും ഈ കേന്ദ്രങ്ങളിലെല്ലാം കൂടി എത്ര ആനകൾ ഇപ്പോഴുണ്ടെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.06.2014-ലെ മറുപടിക്ക്

പുതിയ ജീവനക്കാർക്ക് പരിശീലനം

*479 ശ്രീ. റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിൽ നിന്നുള്ള സേവനങ്ങൾ കംപ്യൂട്ടറിന്റെയും മറ്റ് ആധുനിക സാങ്കേതിക വിദ്യകളുടെയും സഹായത്തോടെ വേഗത്തിൽ ലഭ്യമാക്കുവാൻ സമൂല ഭരണ പരിഷ്കാരം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ജീവനക്കാർക്ക് മതിയായ പരിശീലനം ലഭിക്കാത്തത് സർക്കാരിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതു തടയാൻ പുതിയ ജീവനക്കാർക്ക് രണ്ടു മാസത്തെ പരിശീലനം നിർബന്ധമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.06.2014–ലെ മറുപടിക്ക്

<u>ജയിലുകളിലെ ഭക്ഷണ നിർമ്മാണ യൂണിറ്റുകൾ</u>

*480 ശ്രീ. സി. പി. മുഹമ്മദ്
,, സണ്ണി ജോസഫ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് ഗുണമേന്മയുള്ള ഭക്ഷണം നൽകുന്നതിന് ജയിലുകളിൽ ഭക്ഷണ നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഭക്ഷണ യൂണിറ്റുകൾ ആരംഭിച്ചിട്ടുള്ളത് ഏതൊക്കെ ജയിലുകളിലാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പൊതുജനങ്ങൾക്ക് ന്യായമായ വിലയിൽ എന്തെല്ലാം ഭക്ഷണ സാധനങ്ങളാണ് വിതരണം ചെയ്തു വരുന്നത്; വിശദമാക്കുമോ;

(ഡി) തടവുകാർക്കും, സർക്കാരിനും ഇതുവഴി ലഭിക്കുന്ന വരുമാനം എത്രയാണ്; വിശദാംശങ്ങൾ നൽകാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂൺ 21.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ചട്ടം 47(1)]

‘T’ ഇന്നത്തേയ്ക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.